**സബ്മിഷൻ**

**റെയിൽപ്പാത**

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിന്റെ ഭാവി വികസനത്തിന് വളരെ പ്രയോജനപ്പെടുന്നതാണ് നഞ്ചൻകോട്-സുൽത്താൻബത്തേരി - നിലമ്പൂർ റെയിൽവേപ്പാത. കേന്ദ്രാനുമതി ലഭിച്ച ഈ പാത സംസ്ഥാന സർക്കാർ സംയുക്ത സംരംഭമായി നിർമ്മിക്കാൻ തീരുമാനിക്കുകയും റെയിൽവേയുമായി കരാർ ഒപ്പിട്ട പ്രകാരം കേരളത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നതുമാണ്. ഞങ്ങളൊക്കെ പാർലമെന്റ് അംഗമായിരുന്ന കാലത്ത് പാർലമെന്റിൽ നിരവധി തവണ ഈ വിഷയം ഉന്നയിച്ചിരുന്നു. ഈ പാതയുടെ ഡി.പി.ആർ. തയ്യാറാക്കാനായി 8 കോടി രൂപ അനുവദിക്കുകയും സംസ്ഥാന സർക്കാർ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ആദ്യഘട്ടമായി രണ്ട് കോടി രൂപ ഡി.എം.ആർ.സി.യുടെ അക്കൗണ്ടിൽ നിക്ഷേപിക്കാൻ 13.02.2017-ന് ട്രാൻസ്പോർട്ട് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ആ തുക ഇതുവരെ ഡി.എം.ആർ.സി.-ക്ക് കൈമാറാത്തതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്നതിൽനിന്നും പിന്മാറുമെന്ന് ശ്രീ. ഇ. ശ്രീധരൻ സംസ്ഥാന

സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള വിവരം. ഈ വസ്തുത കാണിച്ച് സുൽത്താൻബത്തേരി എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ മുഖ്യമന്ത്രിക്ക് നൽകിയ കത്ത് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷനേതാവ് എന്ന നിലയിൽ ഞാൻ 03.05.2017-ന് മുഖ്യമന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളേയും ഡി.എം.ആർ.സി. ചെയർമാനേയും പങ്കെടുപ്പിച്ചുകൊണ്ട് അടിയന്തരയോഗം വിളിച്ചു ചേർക്കണമെന്നാണ് കത്തിലുള്ളത്. സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ പ്രകാരം തലശ്ശേരി - മൈസൂർ പാതയുടെ സാധ്യതാ പഠന റിപ്പോർട്ട് ഡി.എം.ആർ.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ തലശ്ശേരി -മൈസൂർ ഭാഗം നഷ്ടം വരുത്തുന്നതാണെന്നും കേരളത്തിന് പ്രയോജനപ്പെടുന്നത് നഞ്ചൻകോട് - സുൽത്താൻബത്തേരി - നിലമ്പൂർ പാതയാണെന്നുമാണ് ആവശ്യം. ഞാൻ മൈസൂർ പാതയ്ക്ക് എതിരല്ല. അങ്ങനെ റിപ്പോർട്ട് വന്നുവെന്ന് പറഞ്ഞുവെന്നേയുള്ളൂ. കേരളത്തിന് മുഴുവൻ പ്രയോജനപ്പെടുന്ന ഈ പാത എത്രയും പെട്ടെന്ന് നടപ്പാക്കാനുള്ള ഡി.പി.ആർ.-ഉം മറ്റ് കാര്യങ്ങളും തയ്യാറാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വേണ്ടിവന്നാൽ കർണ്ണാടക സർക്കാരുമായി ജനപ്രതിനിധികളടക്കം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. കർണ്ണാടക

തടസ്സം പറയുകയാണെങ്കിൽ നിലമ്പൂർ - സുൽത്താൻബത്തേരി വരെയെങ്കിലും ഡി.പി.ആർ. നടത്താൻ സർക്കാർ തയ്യാറാകണമെന്ന് റെയിൽവേയുടെ ചുമതല വഹിക്കുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നിരവധി സാങ്കേതിക പ്രശ്നങ്ങളും കേന്ദ്ര-സംസ്ഥാന ബന്ധങ്ങളും അന്യസംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുള്ളതുമായ വളരെ പ്രധാനപ്പെട്ട ഒരു ഗതാഗത പ്രശ്നമാണ് റെയിൽവേയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ചിരിക്കുന്നത്. നിലമ്പൂർ -നഞ്ചൻകോട് റെയിൽവേ ലൈനിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കേരള സർക്കാർ 8 കോടി രൂപ ചെലവിൽ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. അതിനായി 2016 നവംബർ 24-ന് 71/2016/ഗതാഗതം നമ്പരായി 2 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈൻ കേരളത്തിലെ സംരക്ഷിത വനമേഖലയിലൂടെയാണ് കടന്നുപോകുന്നത്. അതാണ് ഒരു സാങ്കേതിക പ്രശ്നം. കൂടാതെ അന്യസംസ്ഥാനമായ കർണ്ണാടകയിലെ സംരക്ഷിത വനപ്രദേശമായ ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയും കടുവാ സങ്കേതത്തിലൂടെയും കടന്നുപോകണം. അതിനാൽ കേന്ദ്ര-പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ

4.10.2012-ലെ 3782/1/2012 അസാധാരണ ഗസറ്റ് പ്രകാരം ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയുള്ള റെയിൽവേ ലൈനുകൾ, ഭൂഗർഭ പൈപ്പ് ലൈനുകൾ, റോപ് വേ എന്നിവ നിരോധിച്ചിരിക്കുകയാണ്. കർണ്ണാടകയിലൂടെ കടന്നുപോകുന്നതിനാൽ പദ്ധതിച്ചെലവിന്റെ പങ്കാളിത്തം കർണ്ണാടക ഗവൺമെന്റും വഹിക്കണം. അവിടത്തെ വിവിധ വകുപ്പുകളുടെ അനുമതിയും ആവശ്യമായിട്ടുണ്ട്. ഇതുസംബന്ധിച്ച് കർണ്ണാടക പരിസ്ഥിതി-വനം-മന്ത്രാലയവുമായി യോഗം ചേർന്നിരുന്നു. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് 2017 മാർച്ച് 17-ന് കർണ്ണാടകയിലെ അടിസ്ഥാന സൗകര്യ വികസന വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതി ലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവ ഒഴിവാക്കി ഒരു അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ 24.11.2016-ലെ ഉത്തരവ് പ്രകാരം അനുവദിച്ച 2 കോടി രൂപ ഡി.എം.ആർ.സി.-ക്ക് കൈമാറിയിട്ടുണ്ട്. ഈ നിയമങ്ങളൊക്കെ ശ്രീ. ഇ. ശ്രീധരന് അറിയാവുന്നതാണ്. അദ്ദേഹം ഇത് അടച്ചുപൂട്ടുമെന്ന്

പറയുന്നതിൽ കാര്യമില്ല. കാരണം അത് ആലോചിച്ച് ചെയ്യേണ്ട കാര്യമാണ്. തുടർന്ന് 17.04.2017-ന് ബാംഗ്ലൂരിൽ നടന്ന ചീഫ് സെക്രട്ടറിതല യോഗത്തിൽ (നമ്മുടെ ചീഫ് സെക്രട്ടറിയും പോയിരുന്നു) നിലമ്പൂർ-നഞ്ചൻകോട് പാതയ്ക്ക് ബദലായി തലശ്ശേരി-മൈസൂർ റെയിൽവേപ്പാതയുടെ ആവശ്യകതയെപ്പറ്റി ചീഫ് സെക്രട്ടറി വിവരിക്കുകയും ഡി.എം.ആർ.സി. നിർദ്ദേശിച്ച ഭൂഗർഭ റെയിൽവേപ്പാതയെക്കുറിച്ച് ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ കർണ്ണാടക വന്യജീവി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി.

ഇപ്പോൾത്തന്നെ കുടക്, മൈസൂർ പ്രദേശങ്ങളിൽ മനുഷ്യരും മൃഗവുമായുള്ള ഏറ്റുമുട്ടൽ വളരെ കൂടുതലാണ്. തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ കൂടി വരുമ്പോൾ മൃഗങ്ങളുടെ ആവാസവ്യവസ്ഥ വീണ്ടും വിഭജിക്കപ്പെടുകയും വന്യജീവി സംരക്ഷണത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും അവിടെ സ്വൈരവിഹാരത്തിന് തടസ്സമുണ്ടാകുകയും അന്യംനിന്നുപോകുന്ന നിരവധി സസ്തനികളുടെയും അപൂർവ്വയിനം പക്ഷികളുടെയും സസ്യജാലങ്ങളുടെയും മൃഗങ്ങളുടെയും ശേഷിക്കുന്ന ഇടനാഴിയായ നഗർഹോള മുതൽ ബന്ദിപ്പൂർ - മധുമല തുടങ്ങിയ കേരള-തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്ന

പ്രദേശത്തുകൂടി നിർദ്ദിഷ്ട റെയിൽവേപ്പാത വിഭാവനം ചെയ്തിരിക്കുന്നതുകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുകയാണ്. ഭൂഗർഭ റെയിൽപ്പാത നിർമ്മിക്കുകയാണെങ്കിൽ ഒന്നിടവിട്ട് കിലോമീറ്റർ ദൂരത്തിൽ വായുനിർഗ്ഗമന മാർഗ്ഗങ്ങൾ വേണ്ടിവരികയും പ്രസ്തുത പ്രദേശത്തെ ജൈവവൈവിധ്യത്തിന് സ്ഥായിയായ പ്രഹരം ഏല്പിക്കുമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെടുകയുണ്ടായി. തലശ്ശേരി-മൈസൂർ റെയിൽപ്പാതയ്ക്കായി സർവ്വേ നടത്തുന്നതിനായി കേന്ദ്ര വനം - പരിസ്ഥിതി വകുപ്പിന്റെ അനുവാദത്തിനായി 10 ദിവസത്തിനകം അപേക്ഷ സമർപ്പിക്കുവാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റേയും കർണ്ണാടക സർക്കാരിന്റെയും അനുമതി ലഭ്യമായതിനുശേഷം തുടർ നടപടി സ്വീകരിക്കാൻ കഴിയും. കേരള കർണ്ണാടക ചീഫ് സെക്രട്ടറിതല യോഗത്തെത്തുടർന്ന് നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പദ്ധതി സംബന്ധിച്ച ഡി.എം.ആർ.സി. തയ്യാറാക്കിയ സ്കെച്ച് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ല. മീറ്റിംഗുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ പാർക്കിലൂടെ കടന്നുപോകാത്തവിധത്തിൽ പുതിയ അലൈൻമെന്റ് പരിശോധിക്കുന്നതാണ്. പദ്ധതി ഉപേക്ഷിക്കുന്നതല്ല.

## പട്ടിണി സമരം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഇക്കഴിഞ്ഞ 9-ാം തീയതി ബഹുമാനപ്പെട്ട മെമ്പർ ശ്രീ. രാജേഷ് ശ്രദ്ധക്ഷണിക്കലിൽ സൂചിപ്പിച്ചിരുന്ന ഒരു വിഷയമാണ് ഇന്ന് ഞാൻ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരളത്തിൽ 15 ലക്ഷത്തിൽപ്പരം വരുന്ന കുടുംബങ്ങളിലെ 22 ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്തുവരുന്ന ഒരു മേഖലയാണ് ദേശീയ തൊഴിലുറപ്പ് രംഗം. കഴിഞ്ഞ 6 മാസമായി തൊഴിലാളികൾക്ക് ശമ്പളമില്ല. പട്ടിണിയിലേയ്ക്ക് നീങ്ങുകയാണ് ആ കുടുംബങ്ങൾ. പുതിയ അദ്ധ്യയനവർഷം ആരംഭിക്കുകയാണ്; കുട്ടികൾക്ക് പഠനാവശ്യങ്ങൾക്കും മറ്റ് അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിക്കാനും ഈ ശമ്പള കുടിശ്ശികയാണ് ആകെയുള്ള പ്രതീക്ഷ. 653 കോടി രൂപയാണ് ശമ്പള കുടിശ്ശികയിനത്തിൽ കേരളത്തിന് ലഭിക്കേണ്ടത്. മെറ്റീരിയൽ, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻഡിച്ചർ ഇവയ്ക്കായി വലിയൊരു തുകയും നമുക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. ശമ്പള കുടിശ്ശികയ്ക്കുവേണ്ടി എൻ.ആർ.ഇ.ജി.പി. വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ തൊഴിലാളികൾ മൂന്നു ദിവസമായി സമരത്തിലാണ്. കേരളത്തിൽ 30 കേന്ദ്രങ്ങളിലായി മൂന്നു ലക്ഷത്തോളം വരുന്ന വീട്ടമ്മമാരായ തൊഴിലാളികളാണ് ഈ സമരത്തിൽ പങ്കെടുക്കുന്നത്. വേതനം ലഭിച്ചില്ലെങ്കിൽ പട്ടിണി സമരത്തിലേയ്ക്ക് ഈ സമരം

നീങ്ങുന്നതാണ്. കേന്ദ്രസർക്കാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രചരണമാണ് ഇന്ന് സംഘടിപ്പിച്ചു വരുന്നത്. കേരളത്തിന് കേന്ദ്ര ബഡ്ജറ്റിൽ സൂചിപ്പിച്ചതിന്റെ 30 ശതമാനം തുക ആദ്യഗഡുവായി നൽകേണ്ടതാണ്. ഇതുവരെ കേരളത്തിന് ആ വിഹിതം ലഭിച്ചിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. സംസ്ഥാന ഗവൺമെന്റിന് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചുവെന്ന പ്രചരണമാണ് അവർ ആരോപിക്കുന്നത്. കേരളത്തിലെ വീട്ടമ്മമാർ അനുഭവിക്കുന്ന യാതനകൾ കേന്ദ്രഗവൺമെന്റ് കാണുന്നില്ല. പൈശാചികമായിട്ടുള്ള ഒരു പെരുമാറ്റമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റേത് പിശാചുഭരണം പോലെയാണ്. കേരളത്തിലെ ഗ്രാമീണ മേഖലയിൽ ദുരിതമനുഭവിക്കുന്ന, ജീവിത പ്രയാസമനുഭവിക്കുന്ന വീട്ടമ്മമാർക്ക് ഇക്കഴിഞ്ഞ 6 മാസമായി നൽകേണ്ട ശമ്പള കുടിശ്ശിക കേന്ദ്രഗവൺമെന്റാണ് നൽകാത്തത്. കോടിക്കണക്കിന് രൂപ കോർപ്പറേറ്റുകൾക്ക് വേണ്ടി എഴുതിത്തള്ളുന്ന കേന്ദ്രഗവൺമെന്റ്, സംസ്ഥാനത്ത് പട്ടിണി കിടക്കുന്ന ഈ വീട്ടമ്മമാർക്ക് നൽകേണ്ട ശമ്പള കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തണം. കേരളത്തിന്റെ മുഖ്യമന്ത്രി തന്നെ വളരെ വേഗം ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഇടപെടണമെന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ

ഞാൻ ഉന്നയിക്കുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഇടതുപക്ഷ കക്ഷികളുടെ പിന്തുണയോടുകൂടി കോൺഗ്രസ്സ് ഭരിച്ചിരുന്ന ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്താണ് 2005-ൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പാർലമെന്റിൽ ഒരു നിയമമായി നടപ്പാക്കിയത്. 2016-17 സാമ്പത്തിക വർഷത്തിൽ 14,57,423 കുടുംബങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ജോലി ചെയ്തിട്ടുള്ളത്. വേതനയിനത്തിൽ 2,144.76 കോടി രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. 1,386.70 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ കേരളത്തിലെ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 2016-17 വർഷത്തെ കുടിശ്ശികയായി 759.43 കോടി രൂപ കേന്ദ്രം പാവപ്പെട്ട തൊഴിലാളികൾക്ക് നൽകേണ്ടതായിട്ടുണ്ട്. 10.04.2017-ലെ ഉത്തരവുപ്രകാരം 2017-18 വർഷത്തെ പദ്ധതിക്കായുള്ള ആദ്യഗഡു കേന്ദ്രഗവൺമെന്റ് നൽകിയിരുന്നു. ഈ തുക 2016-17-ലെ കുടിശ്ശിക തുച്ഛമായ അളവിൽ തീർക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 636.60 കോടി രൂപ ഇനിയും കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകേണ്ടതായിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകാനുള്ള കൂലിക്കുടിശ്ശിക

നൽകണമെന്നാവശ്യപ്പെട്ട് രണ്ട് കത്തുകൾ ഞാൻ തന്നെ ബന്ധപ്പെട്ട കേന്ദ്രമന്ത്രി ബഹുമാന്യനായ നരേന്ദ്ര സിംഗ് ടോമർജിക്ക് അയച്ചു. അതിന് മറുപടി ലഭിക്കാതെ വന്നപ്പോൾ നേരിട്ട് ഡൽഹിയിൽ പോയി അദ്ദേഹത്തെ കണ്ട് നിവേദനം കൊടുക്കുകയുണ്ടായി. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് കത്ത് അയയ്ക്കുകയുണ്ടായി. ഇതിനും പുറമെ, നമ്മുടെ സഭയിലെ ബഹുമാന്യനായ അംഗവും മുൻ കേന്ദ്രമന്ത്രിയുമായിരുന്ന ശ്രീ. ഒ. രാജഗോപാൽ അവർകളോടും ഇക്കാര്യം സൂചിപ്പിച്ചിരുന്നു. അദ്ദേഹവും ബന്ധപ്പെട്ട കേന്ദ്രമന്ത്രിയെ വിവരം ധരിപ്പിച്ചുവെന്നാണ് പറഞ്ഞത്. ഏറ്റവും അവസാനം മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിക്ക് 10.05.2017-ന് കത്ത് അയച്ചിട്ടുണ്ട്. സഭ തീരുന്നതിനുമുമ്പ് കൂലി കുടിശ്ശിക നൽകിയില്ലെങ്കിൽ ബഹുമാനപ്പെട്ട ഈ സഭ തന്നെ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി കേരളത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു നിലയ്ക്കും സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര സർക്കാർ ഈ ഇനത്തിൽ തരുന്ന പണം വകമാറ്റി ചെലവഴിക്കാൻ കഴിയില്ല. കാരണം സംസ്ഥാന സർക്കാരിനല്ല കേന്ദ്രഗവൺമെന്റ് പണം നൽകുന്നത്. ഓരോ തൊഴിലാളിയുടെയും ക്രെഡിറ്റിലേയ്ക്ക് കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ്‌വെയർ മുഖേന ക്രെഡിറ്റ്

ചെയ്യപ്പെടുകയാണ്; പണം നൽകപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള വാദങ്ങൾ അർത്ഥശൂന്യമാണ്. ഇതിനെതിരായി കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികളും ഒറ്റക്കെട്ടായി നിൽക്കണം. കേന്ദ്രസർക്കാർ ഇപ്പോൾ 2000 കോടി രൂപയാണ് തമിഴ്നാടിന് നൽകിയത്. നമുക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള 636 കോടി രൂപ വരാൻപോകുന്ന തൊഴിലുറപ്പ് പദ്ധതിയെ തന്നെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. തങ്ങൾ അദ്ധ്വാനിച്ച പണം കിട്ടാതെ പാവപ്പെട്ടയാളുകൾ ബുദ്ധിമുട്ടുന്ന സ്ഥിതിയുണ്ട്. ജൂൺ മാസത്തോടുകൂടി സ്കൂളുകൾ തുറക്കുന്നു. അവരുടെ കുട്ടികൾക്ക് പുസ്തകം, കുട ഇവയൊക്കെ വാങ്ങാൻ പണം ചെലവഴിക്കുന്നതിന് സാധിക്കാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും ഒരു സജീവ ഇടപെടലുണ്ടാകണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് പ്രതിപക്ഷനേതാവിനോട് ഞാൻ ഇക്കാര്യം സൂചിപ്പിക്കുകയാണ്.

## ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണം

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, എന്റെ നിയോജക മണ്ഡലത്തിലുള്ള 'ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് ' പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ വേഗതയിൽ പൂർത്തിയാക്കി ആരംഭിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട്

അഭ്യർത്ഥിക്കുവാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ എനിക്ക് നൽകിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട് ഒരുപാട് തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഇക്കാര്യം ഉണ്ടെന്നുതന്നെ ഞാൻ കരുതുകയാണ്. ഇത് റാംസർ സൈറ്റിന്റെ പരിധിയിൽപ്പെട്ടതാണെന്നും മറ്റുമുള്ള നിസ്സാര കാരണങ്ങൾ പറഞ്ഞ് പദ്ധതിയെ ടോർപിഡോ ചെയ്യാൻ ഒട്ടനവധി ശ്രമങ്ങൾ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അതിനുശേഷമാണ് അത്തരത്തിലുള്ള നിഗമനങ്ങൾ ശരിയല്ലായെന്ന് കണ്ടെത്തി കഴിഞ്ഞ ഗവൺമെന്റ് 2014-ൽ 100 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികളിലേയ്ക്ക് കടന്നതും അതിലേയ്ക്ക് നീങ്ങിപോയിക്കൊണ്ടിരുന്നതും. ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട വിഷയം, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എസ്.എൽ.ബി.സി. കൂടി 112.5 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. അതിൽ 15 കർഷകർക്ക് അഡ്വാൻസും നൽകിയെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യം, ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം കൊടുക്കുന്ന തുകയ്ക്ക് ഇൻകം ടാക്സ് ഈടാക്കുന്നുണ്ട്. അത്തരത്തിലുള്ള സാഹചര്യങ്ങൾ പുനഃപരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. 20-ൽ താഴെ വീടുകൾ മാത്രമേ അവിടെയുള്ളൂ - ആ വീട് നഷ്ടപ്പെടുന്നവർക്ക് പുനരധിവാസം കൊടുക്കാനുള്ള

സാഹചര്യമുണ്ടാകണം. ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗതയിൽ പൂർത്തിയാക്കി, അനന്തമായി നീണ്ടുപോകുന്ന ഒരു പദ്ധതിയായി പോകാതെ ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ തന്നെ 7 വർഷങ്ങൾ പിന്നിടുകയാണ്. 2014-ലാണ് ഇത് ഏറ്റെടുക്കാനുള്ള തീരുമാനത്തിലേയ്ക്ക് ഗവൺമെന്റ് വന്നത്. 2010-ൽ വിഭാവനം ചെയ്ത പദ്ധതി ഇപ്പോൾ 2017 ആയി; അനന്തമായി നീണ്ടുപോകാതെ എത്രയും പെട്ടെന്ന് ഇംപ്ലിമെന്റ് ചെയ്യാനുള്ള നടപടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാനത്ത് മെഗാപ്രോജക്ടായി നടപ്പാക്കാനുദ്ദേശിച്ച പദ്ധതികളിലൊന്നാണ് 'ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് പാർക്ക് '. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഈ ഭൂമി റാംസർ സൈറ്റിൽപ്പെട്ടതാണെന്നുള്ള ആക്ഷേപങ്ങളുണ്ടായിരുന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, കെ.എസ്.ഐ.ഡി.സി. അത് ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മുമ്പുണ്ടായിരുന്ന അത്ര വിസ്തൃതിയിൽ പാർക്ക് ഇപ്പോഴില്ല. 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വില

കണക്കാക്കിയിട്ടുള്ളത് 103 കോടി രൂപയാണ്. മുമ്പ് വിവിധ ബഡ്ജറ്റുകളിലായി 23 കോടി രൂപ ഇതിനുവേണ്ടി അനുവദിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ ആവശ്യത്തിനായി 13 കോടി രൂപ കെ.എസ്.ഐ.ഡി.സി.-ക്ക് നൽകി കഴിഞ്ഞിട്ടുണ്ട്. 90 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. എറണാകുളം കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21.03.2017-ൽ കൂടിയ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ച പ്രകാരം സ്ഥലവില നിർണ്ണയിച്ചുകൊണ്ട് 11.04.2017-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ജില്ലയിലെ പർച്ചേസ് കമ്മിറ്റി മീറ്റിംഗുകൾ കൂടുകയും 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭൂവുടമകളുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ആമ്പല്ലൂരിൽ പ്രോജക്ട് സ്ഥാപിക്കുന്നതിന് ആവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ വളരെ വേഗത്തിൽ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ ഉടൻതന്നെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് ഉന്നയിച്ചതുപോലെ അവിടെ വീടുകൾ ഉള്ളവരുടെ പുനരധിവാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ, ഭൂമി വിട്ടുകൊടുക്കുന്നതിന് കിട്ടുന്ന തുകയുടെ ടാക്സിന്റെ പ്രശ്നങ്ങൾ, ഇവയൊക്കെ പ്രത്യേകം

പരിശോധിക്കുന്നതാണ്.

## ആഡംബര നികുതിക്ക് കാലപരിധി നിശ്ചയിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ ഇടത്തരം കുടുംബങ്ങളെ ബാധിക്കുന്ന വളരെ ഗൗരവമേറിയൊരു പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1999 ഏപ്രിൽ 1-നശേഷം പൂർത്തിയാക്കിയ 278.07 ചതുരശ്ര മീറ്റർ അതായത് 3000 ചതുരശ്ര അടിയോ അതിലധികമോ വിസ്തീർണ്ണമുള്ള വീടുകൾക്കാണ് ആഡംബര നികുതി ചുമത്തുന്നത്. വർഷത്തിൽ 4000 രൂപയാണ് ആഡംബര നികുതിയായി അടയ്ക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആറുമാസത്തിലൊരിക്കൽ കൊടുക്കേണ്ടിവരുന്ന പ്രോപ്പർട്ടി ടാക്സിന് പുറമെയാണ് ഈ നികുതി അടയ്ക്കേണ്ടി വരുന്നത്. ആഡംബരത്തെ ആഡംബരമായി തന്നെ കാണണം അതിലൊരു വിട്ടുവീഴ്ചയും പാടില്ല. പക്ഷെ 3000 ചതുരശ്ര അടിയുള്ള വീടും 30000 ചതുരശ്ര അടിയുള്ള വീടും ഒരുപോലെ കാണാൻ പാടില്ല. 3000 ചതുരശ്ര അടിയുള്ള വീടും 30000 ചതുരശ്ര അടിയുള്ള വീടും ഒരുപോലെ കാണുന്നതിൽ അസാംഗത്യമുണ്ട്. എനിക്ക് ഇതുസംബന്ധിച്ച് മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശം - ഒന്ന്, 3000 ചതുരശ്ര അടി എന്നതിന്റെ പരിധി കുറച്ച് ഉയർത്തുക. മറ്റൊന്ന്, ആഡംബര നികുതി 4000 രൂപയെന്നത് വർദ്ധിപ്പിച്ച് ഒറ്റത്തവണ മാത്രം ഈടാക്കുക.

ആഡംബര നികുതിക്ക് കാലപരിധി നിശ്ചയിക്കണം. ഇപ്പോൾ വർഷംതോറും അടയ്ക്കുന്ന 4000 രൂപ പത്തുവർഷമോ മറ്റോ അടച്ചിട്ട് പിന്നീട് വേണ്ടെന്ന് വയ്ക്കുന്നത് വളരെ ഗുണം ചെയ്യുന്ന കാര്യമാണ്. ഇന്നത്തെ കേരളത്തിലെ സാമൂഹിക ചുറ്റുപാട് അനുസരിച്ച് എല്ലാ ഇടത്തരം കുടുംബങ്ങൾക്കും 3000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകളുണ്ട്. നമ്മുടെ ഗൾഫിലെ സഹോദരന്മാർ സാമാന്യം ഭേദപ്പെട്ട കച്ചവടവും ജോലിയുമുള്ളപ്പോൾ നല്ല വീട് വയ്ക്കും. സാമ്പത്തിക വരുമാനം അനുസ്യൂതം ഉണ്ടാകുമ്പോൾ ആഡംബര നികുതിയായാലും മറ്റ് ഏത് നികുതിയായാലും അത് നൽകുന്ന കാര്യത്തിൽ അവർക്ക് സന്തോഷമേയുള്ളൂ. പക്ഷെ ഇന്ന് ഗൾഫ് നാടുകളുടെ സ്ഥിതി നമുക്കെല്ലാവർക്കും അറിയാം. ഗൾഫ് മലയാളികളെ സംബന്ധിച്ചിടത്തോളം ഗൾഫ് ഇന്ന് സ്വർണ്ണം വിളയുന്ന ഭൂമിയല്ല. മലയാളികൾ സർവ്വതും നഷ്ടപ്പെട്ട് ഇന്ന് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. നല്ല കാലത്ത് നല്ല വീട് വച്ചു. ആഡംബര നികുതി എല്ലാ വർഷവും മുടങ്ങാതെ നൽകുകയും ചെയ്തു. വരുമാനത്തിന്റെ എല്ലാ വാതിലുകളും അടഞ്ഞപ്പോൾ അവർക്ക് നിൽക്കക്കള്ളിയില്ല. വർഷംതോറും 4000 രൂപ ആഡംബര നികുതി നൽകണമെന്ന് അവരോട് പറയുന്നത് മനുഷ്യത്വരഹിതമായ സമീപനമാണെന്ന് പറഞ്ഞാൽ അതിനോട് ആരും വിയോജിക്കുമെന്ന് തോന്നുന്നില്ല. ഒരു അച്ഛന്

സാമ്പത്തികശേഷിയുള്ളപ്പോൾ നല്ല വീട് വയ്ക്കും. അതിന്റെ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലായിരിക്കും. പക്ഷെ അച്ഛൻ മരിക്കുന്നതുവരെ ആഡംബര നികുതി നൽകും. അച്ഛൻ മരിച്ചുകഴിയുമ്പോൾ മകന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ആർക്കും പറയാൻ സാധിക്കില്ല. ആ മകനും ആ വീടിന് ഓരോ വർഷവും ആഡംബര നികുതി നൽകണമെന്ന് പറയുമ്പോൾ അതിൽ തീർച്ചയായും വളരെയധികം ബുദ്ധിമുട്ടുണ്ടാകും. ഇതെല്ലാം കണക്കിലെടുത്ത് വീടുകളുടെ ആഡംബര നികുതിയുടെ കാര്യത്തിൽ ഒരു പുനർവിചിന്തനം വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, അങ്ങ് എന്റെ നാട്ടിലുള്ള മന്ത്രിയാണ്. ഇക്കാര്യത്തിൽ ഒരു അനുകൂല തീരുമാനമെടുത്താൽ ഒരു അഭിമാനം എനിക്കുമുണ്ടാകും. ഇത് കാസർഗോഡ് ജില്ലയിലുള്ളവരെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല, കേരളത്തിലെ മുഴുവൻ ആളുകളെയും ബാധിക്കുന്നൊരു പ്രശ്നമാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ആഡംബര നികുതി സംബന്ധിച്ച് അനുകൂലമായ തീരുമാനമെടുത്താലും പ്രതികൂലമായ തീരുമാനമെടുത്താലും നമ്മൾ ശ്രദ്ധിക്കേണ്ടൊരു കാര്യം ആഡംബര നികുതി മാർച്ച് 31-നുമുമ്പ് മുൻകൂറായി അടയ്ക്കണം. പക്ഷെ മാർച്ച് 15-ന് നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ കാര്യത്തിൽ ഇതുവരെ ഒരു വ്യക്തതയില്ല. അതുകൂടി

അങ്ങ് ഇവിടെ പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച വിഷയം, 1975-ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5 (എ) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് താമസ കെട്ടിടങ്ങൾക്കുള്ള ആഡംബര നികുതി നിർണ്ണയിക്കുന്നതും അവ ഈടാക്കുന്നതും. 278.7 ചതുരശ്ര മീറ്ററോ അതിൽ കൂടുതലോ തറ വിസ്തീർണ്ണമുള്ളതും 1999 ഏപ്രിൽ 1-നോ അതിനുശേഷമോ പൂർത്തിയാക്കിയിട്ടുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കാണ് ആഡംബര നികുതി ചുമത്തി വരുന്നത്. 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 01-04-2014 മുതൽ ആഡംബര നികുതി 2000 രൂപയിൽ നിന്നും 4000 രൂപയായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും മാർച്ച് 31-നോ അതിനുമുമ്പ് മുൻകൂറായി ആഡംബര നികുതി ഒടുക്കേണ്ടതാണ്. ആഡംബര നികുതി ഈടാക്കുന്നതിന് കേരള കെട്ടിട നികുതി നിയമപ്രകാരം കെട്ടിടങ്ങൾക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. ആഡംബര നികുതി സ്ലാബ് സമ്പ്രദായത്തിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വീട്ടുടമ മരണപ്പെടുന്ന കാരണത്താൽ ആഡംബര നികുതി

ഒഴിവാക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ല. മാർച്ച് 15-ന് നിർമ്മാണം പൂർത്തിയാക്കിയ വീടുകൾക്ക് തന്നാണ്ടത്തെ ആഡംബര നികുതി ഒടുക്കേണ്ടതാണ്. അതാണ് നിലവിലുള്ള വ്യവസ്ഥ.

## അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികളും തോട്ടംതൊഴിലാളികളും മലയോര മേഖലയിലുള്ള സാധാരണക്കാരായ ആളുകളും ആശ്രയിക്കുന്ന ഒരു ആതുരസേവന കേന്ദ്രമാണ് വിതുരയിലെ താലൂക്ക് ആശുപത്രി. അന്തർദ്ദേശീയ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ഐസറും വിനോദ സഞ്ചാര ഭൂപടത്തിൽ ഇടംപിടിച്ച പൊൻമുടിയും കല്ലാറുമൊക്കെ സ്ഥിതി ചെയ്യുന്നത് ഈ ആശുപത്രിയുടെ അടുത്താണ്. ഇത് മനസ്സിലാക്കിയാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുകയും 14 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തത്. അതിനുശേഷം ഈ ആശുപത്രിയുടെ കാര്യം വളരെ പരിതാപകരമാണ്. ഓപ്പറേഷൻ തീയേറ്റർ അടച്ചിട്ടിരിക്കുകയാണ്. ആദിവാസികൾക്ക് പ്രത്യേക ട്രീറ്റ്മെന്റ് സെന്റർ ആവശ്യമുണ്ട്. ഉപകരണങ്ങൾ വാങ്ങാൻ പണമില്ല. വാർഡുകളില്ല, ആവശ്യത്തിന് ഡോക്ടർമാർ പോലും ഇല്ലാത്ത

അവസ്ഥയാണ്. ഇതൊക്കെ കാരണം പ്രസവം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ആദിവാസികൾ ഏകദേശം 50 കിലോമീറ്റർ താണ്ടി നെടുമങ്ങാട് ആശുപത്രിയിലേയ്ക്കോ അല്ലെങ്കിൽ തിരുവനന്തപുരം ആശുപത്രിയിലേയ്ക്കോ വരേണ്ടിവരുന്നു. ഇതൊക്കെ കണ്ടുകൊണ്ടാണ് ഈ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ടി അടിസ്ഥാനസൗകര്യ വികസനത്തിന് 20 കോടിരൂപയുടെ പ്രൊപ്പോസലും അതോടൊപ്പം പുതിയ സ്റ്റാഫ് പാറ്റേണിന്റെ കാര്യങ്ങളുമൊക്കെ ഉൾപ്പെടുത്തിയ ഒരു പ്രൊപ്പോസൽ അവിടത്തെ എല്ലാ ആളുകളും ഒരുമിച്ച് എന്റെ നേതൃത്വത്തിൽ കൊടുത്തത്. ആർദ്രം പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് താലൂക്കിൽ വിതുര ആശുപത്രി വരുമെന്നാണ് അവിടത്തെ ആളുകളും ഞാനും വിചാരിച്ചത്. പക്ഷെ ആർദ്രം പദ്ധതിയിൽ നെടുമങ്ങാട് താലൂക്കിലെ വിതുര ആശുപത്രിക്ക് ഒരിടമില്ലെന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. അടുത്ത പദ്ധതിയിലേയ്ക്ക് വയ്ക്കുമെന്ന് പറയാതെ വിതുരയുടെ പ്രത്യേക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ഈ വർഷം തന്നെ സ്റ്റാഫ് പാറ്റേണും അതിനോടൊപ്പം പറ്റുന്ന രീതിയിൽ പുതിയ ബിൽഡിംഗ് വരാനുള്ള കാര്യങ്ങളും നൽകി വിതുരയിലെ സാധാരണക്കാരായ ആളുകളെ സഹായിക്കണമെന്ന് ബഹുമാനപ്പെട്ട ടീച്ചറോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 18-02-2016-ലാണ് വിതുര സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചത്. ഇവിടെ 600-നും 800-നും ഇടയിൽ ഒ.പി. യും 54-നും 60-നും ഇടയിൽ ഐ. പി. യുമുണ്ട്. 11 ഡോക്ടർമാരുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാണ്. എൻ.ആർ.എച്ച്.എം. മുഖേന ഒരു ദന്തൽ സർജന്റെ സേവനവും ഫാർമസി, ലബോറട്ടറി, ആംബുലൻസ് എന്നീ സൗകര്യവും ഇവിടെയുണ്ട്. ആഴ്ചയിൽ എല്ലാ ദിവസവും കണ്ണിന്റെ പരിശോധന നടന്നുവരുന്നുണ്ട്. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാർ ഏർപ്പെടുത്തിയ എല്ലാ പദ്ധതികളും ഈ ആരോഗ്യ സ്ഥാപനത്തിൽ നടന്നുവരുന്നുണ്ട്. ഈ ആശുപത്രിയിൽ നിലവിലുള്ള ഓപ്പറേഷൻ തിയേറ്റർ നവീകരിച്ച് സിസേറിയൻ സൗകര്യം ഒരുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. മാത്രമല്ല ഒരു ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ രണ്ടുനിലകളോടുകൂടിയ ഐ.പി. വാർഡ്, കുട്ടികൾക്കുള്ള വാർഡ്, പ്രസവ വാർഡ് എന്നീ കെട്ടിടങ്ങൾ ഈ ആരോഗ്യ സ്ഥാപനത്തിലുണ്ട്. താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ഇവിടെ വന്നിട്ടില്ല, പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ല. ഇപ്പോൾ ആദ്യഘട്ടത്തിൽ ഒരു റവന്യൂ താലൂക്കിൽ

ഒരു താലൂക്ക് ആശുപത്രിയെന്ന നിലയിലാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആ കാറ്റഗറിയിൽ ഉൾപ്പെടുത്താൻ സ്റ്റാൻഡേർഡൈസേഷന്റെ സമയത്ത് കഴിയാത്ത അവസ്ഥയുണ്ട്. ബ്ലോക്ക് പഞ്ചായത്തുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെച്ചപ്പെടുത്താനുള്ള സ്റ്റാൻഡേർഡൈസേഷന്റെ പ്രൊപ്പോസലിൽ, പോസ്റ്റ് ക്രിയേഷന്റെ പ്രൊപ്പോസലിൽ വിതുര താലൂക്ക് ആശുപത്രി ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യം ബ്ലോക്ക് തലത്തിലുള്ള പോസ്റ്റ് ക്രിയേഷൻ പൂർത്തിയാകും. എത്രയോ കാലങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. ഒരു വർഷംകൊണ്ട് എല്ലാം സ്പെഷ്യാലിറ്റിയായി മാറ്റാനും അത്രയും സ്റ്റാഫ് ക്രിയേഷനും സാധ്യമല്ലാത്തതാണ്. ഇപ്പോൾ ഒരുപാട് പോസ്റ്റ് ക്രിയേഷൻ വന്നു. തുടർന്ന് എല്ലാ ആശുപത്രികളിലെയും സ്പെഷ്യാലിറ്റി വർദ്ധിപ്പിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെതന്നെ വിതുര പ്രത്യേകമായി പരിഗണിക്കേണ്ടുന്ന സാമൂഹ്യ മേഖലയായതുകൊണ്ട് തുടർന്നുള്ള ഘട്ടത്തിൽ വിതുരയിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. എ. എം. ആരിഫ്: സർ, തുറവൂർ താലൂക്ക് ആശുപത്രിയെ ആർദ്രം

പദ്ധതിയിലെ ആദ്യ ഫേസിൽ തന്നെ ഉൾപ്പെടുത്തണമെന്നതാണ് എന്റെ സബ്മിഷൻ. നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നൊരു മണ്ഡലമാണിത്. അരൂർ മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയാണ് തുറവൂർ താലൂക്ക് ആശുപത്രി. മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളും, കർഷക തൊഴിലാളികളും പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളും, പീലിംഗ് തൊഴിലാളികളും ആശ്രയിക്കുന്ന ഒരു പ്രധാന ആശുപത്രിയാണിത്. അരൂർ മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിൽ ഒമ്പത് പഞ്ചായത്തുകളും ചേർത്തല മണ്ഡലത്തിലെ പട്ടണക്കാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെയും സാധാരണ ജനവിഭാഗങ്ങളെല്ലാം ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. ആലപ്പുഴ ജില്ലയിൽ സർക്കാരിന്റെ സപ്പോർട്ടില്ലാതെ ആശുപത്രിയുടെ തന്നെ മുൻകയ്യോടുകൂടി ദിവസേന 5 പേർക്ക് ഡയാലിസിസ് ചെയ്തുകൊണ്ടുള്ള സംവിധാനങ്ങളും ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. സ്വന്തം നിലയിൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം നടക്കുകയാണ്. പുതിയ ബഡ്ജറ്റിൽ 2017-18 വർഷത്തെ ബഡ്ജറ്റിലും ഈ ആശുപത്രിക്ക് പ്രത്യേകമായ പരിഗണന നൽകി അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ

വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്രയധികം സൗകര്യങ്ങളുള്ള ഈ ആശുപത്രിയുടെ സ്റ്റാഫ് സ്ട്രെങ്ത് പഴയ സി.എച്ച്.സി. നിലവാരത്തിലാണ്. അതുകൊണ്ടുതന്നെ ഈ ആശുപത്രിയിൽ ട്രോമാ കെയറും മറ്റും അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ കാഷ്വാലിറ്റി യൂണിറ്റ് അനുവദിച്ച സന്ദർഭത്തിൽ പറയുകയുണ്ടായി. ആർദ്രം പദ്ധതിയിൽ ഈ ആശുപത്രിയെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതിൽ ചേർത്തല താലൂക്ക് ആശുപത്രിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രേഡിംഗിൽ ജില്ലാ ആശുപത്രിയാണത്. അത് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവർക്ക് ചേർത്തല താലൂക്ക് ആശുപത്രിയിൽ എത്തണമെങ്കിൽ പത്തു മുപ്പത് കിലോമീറ്റർ സഞ്ചരിക്കണം. എറണാകുളത്തും ആലപ്പുഴ വണ്ടാനം ഹോസ്പിറ്റലിനുമിടയ്ക്ക് ദേശീയ പാതയിലുള്ള ഏക ആശുപത്രിയാണിത്. അതുകൊണ്ടുതന്നെ ഈ ആശുപത്രിയെ ആർദ്രം പദ്ധതിയിലെ ആദ്യ ഫേസിൽ തന്നെ ഉൾപ്പെടുത്തണം. ആദ്യം ഇറങ്ങിയ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അഡീഷണലായെങ്കിലും ഈ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തി അതിന്റെ സ്പെഷ്യാലിറ്റി സൗകര്യങ്ങളും പോസ്റ്റ് ക്രിയേഷനും ഉൾപ്പെടെയുള്ള കാര്യങ്ങൾ

നിർവ്വഹിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2010-ലാണ് തുറവൂർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ടത്. പക്ഷേ ഇന്നുവരെ താലൂക്കാശുപത്രിയുടെ പോസ്റ്റ് ക്രിയേഷനും മറ്റ് സൗകര്യങ്ങളും അവിടെ ചെയ്തിട്ടില്ല. എം.എൽ.എ. അടക്കമുള്ളവർ മുൻകൈ എടുത്ത് പശ്ചാത്തല സൗകര്യം നല്ലരീതിയിൽ അവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഗവൺമെന്റിന്റെ സഹായമില്ലാതെതന്നെ ഡയാലിസിസ് അടക്കമുള്ള സൗകര്യങ്ങൾ അവിടെയുണ്ടാക്കുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. അവിടെ ആയിരത്തോളം ഒ.പി. വരുന്നുണ്ട്. 24 കിടക്കകളുള്ള ഈ ആശുപത്രിയിലെ ഐ.പി.യുടെ എണ്ണം അമ്പതാണ്. 24 മണിക്കൂറും കാഷ്വാലിറ്റി സേവനം ലഭ്യമായ ഈ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, ഇ.സി.ജി., എക്സ്-റേ തുടങ്ങിയ സൗകര്യങ്ങളും ഗൈനക്കോളജി, പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ, ദന്തൽ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും നിലവിൽ ലഭ്യമാണ്. ആർദ്രം പദ്ധതി ഒറ്റഘട്ടത്തിൽ പൂർത്തിയാക്കാൻ കഴിയില്ല. അഞ്ചുവർഷത്തേയ്ക്കുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള ഒരു പദ്ധതിയാണിത്. കഴിഞ്ഞ സബ്മിഷന് മറുപടി പറഞ്ഞതുപോലെ, സ്റ്റാന്റൈെസേഷനനുസരിച്ച് ആദ്യഘട്ടത്തിൽ ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയാണ് തെരഞ്ഞെടുത്തത്.

അതുതന്നെ ഗവൺമെന്റിന് താങ്ങാനാവാത്ത ഭാരമാണ്. അത്രയും പോസ്റ്റ് ക്രിയേഷൻ നടത്തണം. ആയതിന്റെ ഫയൽ ഇപ്പോൾ മൂവ് ചെയ്തിട്ടേയുള്ളൂ. ഒന്നാംഘട്ടത്തിനുവേണ്ടി കഴിഞ്ഞതവണ പി.എച്ച്.സി.കളുടെ 680 പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്തുകിട്ടിയത്. ആദ്യഘട്ടത്തിൽത്തന്നെ ഉൾപ്പെടുത്തുന്നതിന് ബുദ്ധിമുട്ടാകുന്നത് അതുകൊണ്ടാണ്. പക്ഷേ ആദ്യഘട്ടമെന്നുപറയുന്നത്, ഒരു വർഷം പൂർത്തിയാകുമെന്നുള്ളതല്ല. ആദ്യഘട്ടത്തിൽ പറഞ്ഞിട്ടുള്ള ആശുപത്രികളെല്ലാം തുടങ്ങുന്നതോടൊപ്പം തന്നെ, തുറവൂർ താലൂക്കാശുപത്രി വളരെ പ്രധാനപ്പെട്ട ഒരു ആശുപത്രിയായതുകൊണ്ട് തുടർന്നുള്ള പ്രവർത്തനങ്ങളിൽ, ഒരു വർഷമെന്ന് പറയുന്നില്ല, ഇതിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്. എന്നാൽ സ്റ്റാന്റൈഡെസേഷനിൽ നിന്ന് മാറാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എല്ലാ ആശുപത്രികളിലും അപഗ്രേഡ് ചെയ്തുവച്ചു. എന്നാൽ അവിടെയൊന്നും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ലെന്ന വലിയൊരു ഭാരമുണ്ട്. തുറവൂർ താലൂക്കാശുപത്രിയെ ഏറ്റവും നല്ല സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, ഉന്നയിച്ച വിഷയം ശ്രീ പി. ടി. തോമസ്, ശ്രീ. എം. സ്വരാജ്, ശ്രീ. ഹൈബി ഈഡൻ എന്നീ അംഗങ്ങളും

ഉന്നയിച്ചിട്ടുണ്ട്. ശ്രീ. ഹൈബി ഈഡൻ ഇപ്പോൾ സഭയിൽ ഇല്ല. ശ്രീ. പി. ടി. തോമസിനും ശ്രീ. എം. സ്വരാജിനും ഈ വിഷയം പരാമർശിക്കാവുന്നതാണ്.

സർവ്വീസ് ചാർജ്ജ്

ശ്രീ. എ. എൻ. ഷംസീർ: സർ, ഇന്നലെ രാജ്യം ചർച്ച ചെയ്ത ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ സഭയുടെ മുമ്പാകെ ഞാൻ കൊണ്ടുവരുന്നത്. എസ്.ബി.ഐ.-എസ്.ബി.ടി. ലയനത്തിന്റെ സമയത്ത് ഈ സഭ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കിയിരുന്നു. അഞ്ച് അസോസിയേറ്റഡ് ബാങ്കുകൾ സ്റ്റേറ്റ് ബാങ്കിൽ ലയിച്ചപ്പോൾ മുപ്പത്തിയേഴ് ലക്ഷം കോടി രൂപയുടെ ആസ്തിയും അൻപത് കോടി ഉപഭോക്താക്കളുമുള്ള ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ബാങ്കായി എസ്.ബി.ഐ. മാറിയിട്ടുണ്ട്. എസ്.ബി.ഐ.യെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നല്ല ഷൈലോക്ക് ബാങ്ക് ഓഫ് ഇന്ത്യ എന്നാണ് നാമകരണം ചെയ്യേണ്ടത്. ഇവിടെ എല്ലാത്തിനും സർവ്വീസ് ടാക്സാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് എ.ടി.എം. പണം പിൻവലിക്കലുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ സർവ്വീസ് ചാർജ്ജ്. മുഷിഞ്ഞ നോട്ടിനും, ചെക്ക് ബുക്കിനും പണം നിക്ഷേപിക്കുന്നതിനും സർവ്വീസ് ചാർജ് ഈടാക്കുകയാണ്. എല്ലാ തരത്തിലും സർവ്വീസ് ടാക്സ് ഏർപ്പെടുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് എസ്.ബി.ഐ.യുടെ

ഭാഗത്തുനിന്നുമുണ്ടാകുന്നത്. ഇത് എസ്.ബി.ഐ.യെ പ്രൈവറ്റൈസ് ചെയ്യാനുള്ള നീക്കത്തിന്റെ ഭാഗമാണോയെന്ന് സംശയിക്കുന്നു. അതുകൊണ്ട് സംസ്ഥാന സർക്കാർ ഉൾപ്പെടെ വളരെ ഗൗരവമായി ഇടപെട്ട് ഈ വിഷയം ചർച്ച ചെയ്ത പശ്ചാത്തലത്തിൽ പുതിയ സർവ്വീസ് ചാർജ്ജുൾപ്പെടെയുള്ളവ ഈടാക്കുന്ന രീതി അവസാനിപ്പിക്കാൻ എങ്ങനെ സാധിക്കുമെന്ന് സഭ വളരെ ഗൗരവമായി ചർച്ച ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഏറ്റവും ഭയപ്പെടുത്തുന്നതും ജനങ്ങളെ ഗുരുതരമായി ബാധിക്കുന്നതുമായ ഒരു വിഷയമാണ് എസ്.ബി.ഐ.യുടെ പേരിൽ പുറത്തുവന്നിരിക്കുന്ന വാർത്ത. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനോട് പ്രതികരിച്ച രീതിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. നമ്മുടെ പ്രതിപക്ഷനേതാവും അക്കാര്യം ചൂണ്ടിക്കാണിച്ചു. നമ്മുടെ അഭിമാനമായിരുന്ന എസ്.ബി.ടി.യെ എസ്.ബി.ഐ.യിൽ ലയിപ്പിച്ചപ്പോൾ ഒരു കുഴപ്പവും വരില്ലായെന്നാണ് അന്ന് ശ്രീ. നരേന്ദ്ര മോദിയെ പിൻതുണച്ചിരുന്ന ആളുകൾ പറഞ്ഞത്. എന്നാൽ അനുഭവം നമുക്ക് കിട്ടിത്തുടങ്ങിയിരിക്കുന്നു. എല്ലാ സർവ്വീസുകൾക്കും സർവ്വീസ് ടാക്സ് കൊടുക്കേണ്ട സാഹചര്യം വന്നിരിക്കുകയാണ്. തൽക്കാലത്തേയ്ക്ക് ചിലത് മരവിപ്പിച്ചുവെന്ന് ഇന്നലെ റിപ്പോർട്ട് വന്നുവെന്നേയുള്ളൂ.

പിന്നീട് എന്തുസംഭവിക്കുമെന്ന് പറയാൻ പറ്റില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ പി. ടി. തോമസ്, പ്രസ്തുത വിഷയം പരാമർശിച്ചാൽ മാത്രം മതി.

ശ്രീ. പി. ടി. തോമസ്: നിമൽഡി എന്ന എഴുത്തുകാരൻ ഹിറ്റ്ലറെപ്പറ്റി പറഞ്ഞ വാക്കുകൾ ഞാൻ ഉദ്ധരിക്കുന്നില്ല. അതുതന്നെയാണ് ഇപ്പോൾ സംഭവിക്കുന്നത്, സാവധാനം നമ്മുടെ കഴുത്തിന് പിടിക്കുമ്പോൾ അറിയുന്നുവെന്ന സാഹചര്യമാണ്. സഭ നേരത്തെ നടത്തിയ പ്രമേയത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ഇതിനെ ശക്തമായി നേരിടാനുള്ള കരുത്ത് കേരളത്തിലെ ജനങ്ങൾക്കുണ്ടെന്ന് തെളിയിക്കണം.

ശ്രീ. എം. സ്വരാജ്: കേരളത്തിന്റെ സ്വന്തം ബാങ്കെന്ന് അറിയപ്പെട്ട എസ്.ബി.റ്റി. ഈ ലയനത്തോടുകൂടി ഇത്തരം സ്ഥിതിയിലേയ്ക്ക് വരുമെന്ന ആശങ്ക അന്നേയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അത് യാഥാർത്ഥ്യമായിരിക്കുന്നു. എ.ടി.എം. വഴി പണം പിൻവലിക്കുന്നത് ജനങ്ങൾക്കുമാത്രമല്ല സൗകര്യം; ഇടപാടുകാരെല്ലാം ബാങ്കിൽ വരുമ്പോൾ ബാങ്കിനും ബുദ്ധിമുട്ടാണ്. ജനങ്ങൾ എ.ടി.എം. വഴി പണം പിൻവലിക്കുന്നതുകൊണ്ട് ബാങ്കിനും സൗകര്യമുണ്ട്. അതുകൊണ്ടുതന്നെ സർവ്വീസ് ചാർജ്ജ് ഈടാക്കാൻ പാടില്ലാത്തതാണ്. ബാങ്ക്

യഥാർത്ഥ കൊള്ളക്കാരായി മാറിയിരിക്കുകയാണ്. ഇന്ത്യയിലെ ജനങ്ങളെ കൊള്ളയടിക്കുന്ന ഈ കൊള്ളസങ്കേതം അടിച്ചുതകർക്കുന്ന നിലയിലേയ്ക്ക് സാധാരണക്കാരൻ രംഗത്തുവരുന്ന അപകടകരമായ ഭാവിയാണ് ഇനി വരാൻ പോകുന്നത്. സംസ്ഥാന ഗവൺമെന്റ് ഈ സ്ഥിതി പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ ഇടപെടണം. നമുക്കുള്ള അധികാരങ്ങൾ ഉപയോഗപ്പെടുത്തി ഈ കൊള്ളക്കാരെ നിലയ്ക്ക് നിർത്തണം. ബാങ്കിന്റെ സേവനം ലഭ്യമാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ലയനത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇന്ത്യയിലെ ബാങ്കിംഗ് മേഖലയുടെ നാലിൽ ഒന്ന് നിയന്ത്രിക്കുന്ന ബാങ്കായി മാറി. അവർക്ക് ഇത്രയും നിയന്ത്രണമുള്ളതുകൊണ്ട് അതുപയോഗിച്ച് ചാർജ്ജുകൾ കൂട്ടിയാൽ ഒന്നും വരില്ലെന്നാണ് അവരുടെ ഭാവം. 1.4.2017-ൽ സർവ്വ സേവനങ്ങൾക്കും പുതിയ ഫീസുകളും ഫൈനുകളും ഈടാക്കുന്നതിന്, നിശ്ചിത ബാലൻസില്ലെങ്കിൽ ഫൈൻ, ഇന്റർനെറ്റ് ബാങ്കിംഗിന്, പണം പിൻവലിക്കുന്നതിന് ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കും സേവന ചാർജ്ജ് ഈടാക്കി ഉത്തരവിറക്കി. അതുകഴിഞ്ഞ് രണ്ടുമാസം കഴിയുന്നതിനുമുമ്പ്, ജൂൺ 1 മുതൽ ഇതിൽ പലതും പുതുക്കി

നിശ്ചയിച്ചുകൊണ്ടും വർദ്ധിപ്പിച്ചുകൊണ്ടും വീണ്ടും ഉത്തരവിറക്കി. ഇതിൽ ആളുകളെ കൂടുതൽ അലട്ടിയത് എ.ടി.എം. വഴിയുള്ള പണം പിൻവലിക്കലിന് 25/- രൂപ നിശ്ചയിച്ചതായിരുന്നു. അതിൽ വലിയ പ്രതിഷേധം ഉയർന്നുവന്നു. വൈകുന്നേരമായപ്പോൾ ഞങ്ങൾ അങ്ങനെ ചെയ്തിട്ടില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബഡ്ഡി എന്നുപറയുന്ന വാലറ്റുണ്ട്. അതുപയോഗിച്ച് എ.ടി.എം.-ൽ നിന്നും പണം പിൻവലിക്കുകയാണെങ്കിൽ മാത്രം നൽകിയാൽ മതി എന്ന് തിരുത്തലുണ്ടായി. അതിലെ തമാശ എന്തെന്നാൽ ഈ വാലറ്റിന് ഇപ്പോൾ എ.ടി.എം.-ഉം ആയി ബന്ധിപ്പിച്ചുകൊണ്ടുള്ള സ്കീമില്ല. വീണിടം വിദ്യയാക്കുന്ന സംസാരമായിരുന്നു. ഏതായാലും അത് പിൻവലിച്ചു. പക്ഷേ അത് പിൻവലിക്കുമ്പോഴും മറ്റ് പല വർദ്ധനവുകളും നിലനിൽക്കുകയാണ്. ഇന്റർനെറ്റ് ബാങ്കിംഗിന് ആയിരം രൂപയിൽ താഴെയാണെങ്കിൽ ഒരു സർവ്വീസ് ചാർജ്ജും ഈടാക്കില്ലായിരുന്നു. എന്നാൽ അതിന് ഇപ്പോൾ അഞ്ച് രൂപ കൊടുക്കണം. പതിനായിരം രൂപ വരെ രണ്ട് രൂപയായിരുന്നത് ഇപ്പോൾ അഞ്ച് രൂപയും ഒരു ലക്ഷത്തിനും രണ്ട് ലക്ഷത്തിനും ഇടയ്ക്കുള്ള തുകയാണെങ്കിൽ 14/- രൂപയായിരുന്നത് 15/- രൂപയും രണ്ട് ലക്ഷത്തിനുമുകളിലുള്ളതിന് 25/- രൂപയുമാക്കി വർദ്ധിപ്പിച്ചു. ഇതുപോലെ ഓരോ സേവനങ്ങൾക്കും ചാർജ്ജ് വർദ്ധിപ്പിച്ചു. ഞാൻ ഓരോന്നിന്റെയും

കണക്കുകൾ ഇവിടെ പറയുന്നില്ല. ബാങ്കിൽ നിന്നും പണം പിൻവലിക്കാൻ ആളുകളെ സഹായിക്കുന്ന ബാങ്കിന്റെ ഏജൻസിയായി പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ പോലുള്ള ബിസിനസ്സ് കറസ്പോണ്ടൻസുകളിൽ നിന്നും രണ്ടര ശതമാനം സർവ്വീസ് ചാർജ് ഈടാക്കും. ചെക്ക് ബുക്കിന്റെ ഒരു ലീഫിന് മൂന്ന് രൂപയായി വർദ്ധിപ്പിച്ചു. ജൻ-ധൻ അക്കൗണ്ടിനുപോലും പുതിയ സേവന ചാർജ്ജ് കൊണ്ടുവന്നു. അവയൊക്കെ ഇപ്പോൾ നിലനിൽക്കുന്നുണ്ട്. എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ജനവിരുദ്ധ നടപടിക്ക് എസ്.ബി.ഐ. നിർബന്ധിതമായി തീർന്നത്? കാരണം എസ്.ബി.ഐ.യുടെ കിട്ടാക്കടം, നിഷ്ക്രിയ ആസ്തികൾ ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന്, ഇപ്പോൾ 1,60,000 കോടി രൂപയാണ് നിഷ്ക്രിയ ആസ്തി. ഇത് എല്ലാ ബാങ്കുകളെക്കാളും ഉയർന്നതാണ്. ഈ ബാങ്കുകൾക്ക് നിഷ്ക്രിയ ആസ്തി ഇത്രയും ഉയർന്നതെങ്ങനെയാണ്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എസ്.ബി.എഐ. മാത്രമല്ല ഇന്ത്യയിലെ എല്ലാ പൊതുമേഖലാ ബാങ്കുകൾക്കും എൻ.പി.എ. വളരെ കൂടുകയാണ്. അതുകൊണ്ട് ഇത്തവണ കേന്ദ്രഗവൺമെന്റ് എന്താണ് ചെയ്തത്; Finance Minister has injected more than 80,000 crore rupees for saving this banks. അവർ ഗൗരവത്തോടുകൂടി കാണാത്തതുകൊണ്ടുള്ള കുഴപ്പമല്ലേ ഇത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ ശരിയാണ്. മൊത്തം ബാങ്കിംഗ് മേഖലയുടെ നിഷ്ക്രിയ ആസ്തി 6.7 ലക്ഷം കോടി രൂപ വരും. ഇതിൽ റീ-സ്ട്രക്ചേർഡ് ലോൺസും കൂടി ചേർത്താൽ 11-12 ലക്ഷം കോടി രൂപ വരും. ഇത് ബാങ്കിംഗ് ലോണുകളുടെ ഏകദേശം 14 ശതമാനം വരുമെന്നാണ് ഒരു പത്രത്തിൽ വായിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. 6 ലക്ഷം കോടി രൂപയുടെ റീ-ക്യാപ്പിറ്റലൈസേഷൻ വേണമെന്നാണ് വിദേശ ഏജൻസികളൊക്കെ പറയുന്നത്. അതിനാണ് 80,000 കോടി രൂപ കൊടുത്തിരിക്കുന്നത്. ബാങ്കിന് ബാഡ് ഡെബ്റ്റ് പ്രൊവിഷനിംഗ് നടത്തേണ്ടി വരുന്നു. എസ്.ബി.ഐ. തന്നെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇരട്ടിത്തുക ഇതിനുവേണ്ടി മാറ്റിവയ്ക്കേണ്ടിവരും. ഇതിന്റെ ഫലമായി ഇവരുടെ ലാഭം കുത്തനെ കുറയുന്നു. ഇത് ഷെയർ വാല്യുവിനെ ബാധിക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ അവർ കോർപ്പറേറ്റുകൾക്ക് കൊടുത്ത വായ്പകൾക്ക് തിരിച്ചടവില്ല. കോർപ്പറേറ്റുകൾക്ക് കൊടുക്കുന്നത് ദീർഘകാല വായ്പകളാണ്; പശ്ചാത്തല സൗകര്യ വായ്പകളാണ്. ഈ പശ്ചാത്തല സൗകര്യ വായ്പകളെല്ലാം ഇന്ന് നിഷ്ക്രിയ

ആസ്തികളായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന് പണമുണ്ടാക്കാൻ വേണ്ടിയാണ് സർവ്വീസ് ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് അതിന്റെ യാഥാർത്ഥ്യമെന്നുപറയുന്നത്. ഇതിനോട് ശക്തമായി പ്രതികരിക്കാതിരിക്കാൻ പറ്റില്ല. അതിനോട് പ്രതികരണമുണ്ടായിട്ടുണ്ട്. പക്ഷേ ഇതൊരു സ്ഥിരം സ്വഭാവമാകുവാൻ സാധ്യതയുണ്ട്. ബാക്കി പൊതുമേഖലാ ബാങ്കുകൾ ഇനിയും ചാർജ് വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകളുണ്ട്. ഒരുപക്ഷേ പുതിയ ബാങ്കുകൾ ചാർജ് വർദ്ധിപ്പിച്ചില്ലെങ്കിൽ അവർ കൂടുതൽ മാർക്കറ്റ് പിടിക്കും. ഏതായാലും നമ്മളെ സംബന്ധിച്ചുള്ള ഒരു പ്രശ്നം ചാർജ്ജ് കൊടുക്കേണ്ടി വരുമെന്ന് മാത്രമല്ല ആളുകൾ ഇപ്പോൾ കാശ് കയ്യിൽ വയ്ക്കുകയാണ്. ബാങ്കിലിടുന്നില്ല. സംസ്ഥാന സർക്കാർ പോലും അതാണ് ചെയ്യുന്നത്. ബിവറേജസ്, ലോട്ടറി എന്നിവിടങ്ങളിൽ നിന്നുള്ള പണം നേരിട്ട് ട്രഷറിയിൽ അടയ്ക്കാനാണ് പറയുന്നത്. ഇതിന്റെ ഫലമായി കറൻസി ഷോർട്ടേജ് കൂടുകയാണ്. നോട്ട് പിൻവലിക്കൽ കഴിഞ്ഞിട്ട് കേന്ദ്രസർക്കാർ Demonetization നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ മാസവും പുതിയ നോട്ടുകൾ അച്ചടിക്കുകയാണ്. നോട്ടിന്റെ ക്ഷാമം ഇല്ലാതാകുമെന്നാണ് നമ്മൾ

സ്വാഭാവികമായും കരുതേണ്ടത്. എന്നാൽ കഴിഞ്ഞ മാസം ട്രഷറിയിൽ നിന്നും പണം കൊടുക്കാൻ സാധിച്ചില്ല. നോട്ടുകൾ എവിടെപ്പോയി; നോട്ടുകൾ വേറെങ്ങും പോയതല്ല. ബാങ്കിലുള്ള വിശ്വാസം കുറഞ്ഞപ്പോൾ ജനങ്ങൾ കയ്യിൽ കാശ് വയ്ക്കുകയാണ്. നോട്ട് ക്ഷാമം രൂക്ഷമാകുന്നതിലേയ്ക്ക് ഇത് നയിക്കും. ഇതിനൊക്കെ വലിയ സാമ്പത്തിക പ്രത്യാഘാതങ്ങളുണ്ടാകും. ഇതിന്റെ ഗൗരവം മനസ്സിലാക്കി ഇടപെടുന്നതിന് കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അത് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിലും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ മുമ്പിലും സംസ്ഥാന സർക്കാരിന്റെയും സഭയുടെയും concern നിശ്ചയമായും അറിയിക്കുന്നതാണ്.

<u>ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം</u>

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രീ, എന്റെ ഈ സബ്മിഷന് ജീവകാരുണ്യപരമായ മറുപടി പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. അഭ്യസ്തവിദ്യരായ നൂറുകണക്കിന് ചെറുപ്പക്കാർ ജോലിക്കുവേണ്ടി അപേക്ഷ കൊടുക്കുകയും പി.എസ്.സി. അതിനാവശ്യമായ ലിസ്റ്റ്

തയ്യാറാക്കുകയും റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്യുന്നുമുണ്ട്. പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് വന്ന് കാലാവധി കഴിഞ്ഞാലും നിയമനം കിട്ടുന്നില്ല എന്നുള്ളത് പൊതുവെയുള്ള ഒരു പ്രതിഭാസമാണ്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2016 ഏപ്രിൽ മാസം ഇറക്കിയ ഒരുത്തരവ് നിയമനത്തിനുവേണ്ടിയുള്ളതായിരുന്നു. അത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. പന്ത്രണ്ടോളം വിഷയങ്ങളിലെ പി.എസ്.സി. ഹയർ സെക്കണ്ടറി അദ്ധ്യാപക റാങ്ക് ലിസ്റ്റ് ഈ ജൂൺ 30-ന് അവസാനിക്കുകയാണ്. ഇനി അവർക്ക് 6 മാസം കൂട്ടിക്കൊടുത്താലും അതല്ല അതിന്റെ കാലാവധി ഒന്നോ രണ്ടോ പ്രാവശ്യം നീട്ടിക്കൊടുത്താൽപോലും ഒരിക്കലും അവർക്ക് ജോലി കിട്ടാനിടയില്ല. ഇനി ടെസ്റ്റ് എഴുതാനും സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലര വർഷം വരെ എക്സ്റ്റന്റ് ചെയ്ത് കൊടുത്തിട്ടും ജോലി കിട്ടാതെ പോയിട്ടുണ്ട്. ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത് ഡെയ്‌ലി വേജസായിട്ടാണ്. ബഹുമാനപ്പെട്ട അംഗം സി.കെ. ഹരീന്ദ്രൻ അവതരിപ്പിച്ച ഒരു സബ്മിഷൻ വായിച്ചു. അത് തൊഴിലുറപ്പ് പദ്ധതിയാണ്. ഇവരെ തൊഴിലുറപ്പ് പദ്ധതിയിലെങ്കിലും ആക്കിയാൽ അവർ രക്ഷപ്പെട്ടുപോകും. അഭ്യസ്തവിദ്യരായ

ആളുകളാണ്. അങ്ങ് ഇതെല്ലാം അറിയുന്ന ആളാണ്. ടീച്ചിംഗ് പ്രൊഫഷന് യാതൊരു മാന്യതയും കല്പിക്കാതെ ഡെയ്‌ലി വേജസായി ആളുകളെ നിയമിക്കുന്ന സാഹചര്യം വന്നിട്ടുണ്ട്. നമ്മൾ അത് അവസാനിപ്പിക്കണം. നമ്മുടെ ഗവൺമെന്റിന് അത് ഭൂഷണമല്ല. പി.എസ്.സി. തെരഞ്ഞെടുപ്പിന് റാങ്ക് ലിസ്റ്റിന്റെ ഡേറ്റ് എക്സ്റ്റന്റ് ചെയ്യണം. അടിയന്തരമായി മാക്സിമം ഇവരെ റഗുലറൈസ് ചെയ്ത് നിയമനം നടത്താനുള്ള നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണം. വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ വിഷയങ്ങൾ അറിയാമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ജീവകാരുണ്യപരമായി ഇതിനെ പരിഗണിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത 148 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും എറണാകുളം മുതൽ വടക്കോട്ടുള്ള 8 ജില്ലകളിൽ നിലവിൽ ഹയർ സെക്കണ്ടറി സ്കൂളുകളുള്ള പഞ്ചായത്തുകളിൽ വിദ്യാഭ്യാസ ആവശ്യകതയുടെ

അടിസ്ഥാനത്തിൽ സർക്കാർ എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചുകൊണ്ട് 31-07-2014-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കണക്കിലെടുത്ത് പുതിയതായി ആരംഭിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലും അധികബാച്ചുകളിലും നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിശ്ചയിച്ച് അദ്ധ്യയനം നടത്താൻ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പുതിയതായി അനുവദിച്ച സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർക്ക് 2016 വരെയും വേതനം ലഭിച്ചിരുന്നില്ല. ഈ സർക്കാർ അവർക്ക് തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതുവരെ ദിവസവേതനം നൽകുന്നതിന് 30-10-2016-ൽ ഉത്തരവ് നൽകി. ഇപ്പോൾ അവർക്ക് വേതനം ലഭിക്കുന്നുണ്ട്. പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളിലും ബാച്ചിലും സ്ഥിര അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് ഹയർ സെക്കണ്ടറി ഡയറക്ടർ വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിലവിലുള്ള ജോലി ഭാരം, സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീഡ് വരെ ക്ലാസ്സുകൾ എടുക്കുന്നവരെ ഹയർ സെക്കണ്ടറി സ്കൂളിൽ ജൂനിയർ അദ്ധ്യാപകരായും 24 പിരീഡ്

എടുക്കുന്നവരെ ഹയർ സെക്കണ്ടറി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. 5 പ്രവൃത്തി ദിനങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ ഒരാഴ്ചയിൽ അധികമായി വരുന്ന മൂന്ന് പിരീഡുകൾക്ക് ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന മൂന്ന് പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കാൻ ധനകാര്യ വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ വിശദമായി പരിശോധിച്ചുവരുന്നു. എത്രയും വേഗം അതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്ന് കൂടുതൽ നിയമനങ്ങൾ നൽകാൻ കഴിയുന്നതാണ്. വിവിധ വിഷയങ്ങളിലായി ഹയർ

സെക്കണ്ടറി അദ്ധ്യാപകരുടെ 29 റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഇതുവരെയായി 2399 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ബാക്കിയുള്ളവ എത്രയും വേഗം പരിഗണിക്കാം.